150 YEARS OF CELEBRATING THE MAHATMA

ചീഫ് ടൗൺ പ്ലാനറുടെ നടപടിക്രമം തിരുവനന്തപുരം

വിഷയം :- നഗര-ഗ്രാമാസൂത്രണ വകുപ്പ് - മുഖ്യ നഗരാസൂത്രകന്റെ കാര്യാലയം, തിരുവനന്തപുരം - ഭരണപരം - വകുപ്പിലെ സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റ്, യു.ഡി. ടൈപ്പിസ്റ്റ് തസ്തികയിലേയ്ക്കുള്ള സ്ഥാനക്കയറ്റം/സ്ഥലംമാറ്റം അനുവദിച്ച് ഉത്തരവാകുന്നു.

പരാമർശം : ചീഫ് ടൗൺ പ്ലാനറുടെ 13/02/19-ലെ എ2/6173/17 നമ്പർ ഉത്തരവ്.

====================================================================

എസ്റ്റാബ്ലിഷ്മെന്റ് സെക്ഷൻ

ഉത്തരവ് നം. എ2/4893/18 തീയതി : 06/03/2019

====================================================================

ഉത്തരവ്

ഇടുക്കി നഗരാസൂത്രണ കാര്യാലയത്തിലെ സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റായ ശ്രീ. ടി.എം. റഹിം പരാമർശം ഉത്തരവ് പ്രകാരം തസ്തിക മാറ്റത്തിലൂടെ സീനിയർ ക്ലർക്കായി സ്ഥാനക്കയറ്റം ലഭിച്ച് മുഖ്യ നഗരാസൂത്രണ കാര്യാലയത്തിലേയ്ക്ക് സ്ഥലം മാറ്റി നിയമിച്ചത് മൂലം ഇടുക്കി നഗരാസൂത്രണ കാര്യാലയത്തിൽ ഉണ്ടായ ഒഴിവിൽ വകുപ്പിലെ യു.ഡി. ടൈപ്പിസ്റ്റുമാരിൽ സീനിയറും നിലവിൽ മുഖ്യ നഗരാസൂത്രണ കാര്യാലയത്തിൽ സേവനമനുഷ്ഠിക്കുന്നതുമായ ശ്രീമതി. ആശ.ബി.-യെ സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റായി സ്ഥാനക്കയറ്റം നൽകി ഇടുക്കി നഗരാസൂത്രണ കാര്യാലയത്തിലേയ്ക്ക് സ്ഥലംമാറ്റി നിയമിച്ച് ഉത്തരവാകുന്നു.

കൂടാതെ ശ്രീമതി. ആശ.ബി., സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റായി സ്ഥാനക്കയറ്റം ലഭിച്ച് വിടുതൽ ചെയ്യുന്നത് മൂലം മുഖ്യ നഗരാസൂത്രണ കാര്യാലയത്തിൽ ഉണ്ടാകുന്ന യു.ഡി. ടൈപ്പിസ്റ്റ് ഒഴിവിൽ വകുപ്പിലെ എൽ.ഡി. ടൈപ്പിസ്റ്റുമാരിൽ സീനിയറും, മുഖ്യ നഗരാസൂത്രണ കാര്യാലയത്തിൽ സേവനമനുഷ്ഠിക്കുന്നതുമായ ശ്രീമതി. രജനി.പി.എസ്.-നെ യു.ഡി. ടൈപ്പിസ്റ്റായി സ്ഥാനക്കയറ്റം നൽകി മുഖ്യനഗരാസൂത്രണ കാര്യാലയത്തിൽ തന്നെ നിയമിച്ചും ഉത്തരവാകുന്നു.

മേൽപ്പറഞ്ഞ ഉദ്യോഗക്കയറ്റങ്ങൾക്ക് KSR ഭാഗം-1-ലെ ബന്ധപ്പെട്ട ചട്ടങ്ങൾ പ്രകാരമുള്ള ശമ്പള നിർണ്ണയത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്. സ്ഥലം മാറ്റപ്പെട്ട ഉദ്യോഗസ്ഥർക്ക് ചട്ട പ്രകാരമുള്ള പ്രവേശന കാലം, യാത്രബത്ത എന്നിവയ്ക്ക് മാത്രമേ അർഹതയുണ്ടായിരിക്കുകയുള്ളൂ.

മേൽപ്പറഞ്ഞ ഉദ്യോഗക്കയറ്റങ്ങൾ ഉടനടി പ്രാബല്യത്തിൽ വരുന്നതും ബന്ധപ്പെട്ട ജീവനക്കാർ ഉടൻതന്നെ അതാത് കാര്യാലയങ്ങളിൽ നിന്നും വിടുതൽ ചെയ്യേണ്ടതുമാണ്.

ചീഫ് ടൗൺ പ്ലാനറുടെ കാര്യാലയം പിൻ-695 033 തിരുവനന്തപുരം

കെ.എസ്. ഗിരിജ
ചീഫ് ടൗൺ പ്ലാനർ.

1) ആശ.ബി., യു.ഡി. ടൈപ്പിസ്റ്റ്.
2) രജനി.പി.എസ്., എൽ.ഡി. ടൈപ്പിസ്റ്റ്

പകർപ്പ്:- 1) ടൗൺ പ്ലാനർ ,ഇടുക്കി.
2) സി.എ. മുഖേന, ചീഫ് ടൗൺ പ്ലാനർ.
3) **A, B, C, D, E, S** സെക്ഷൻ സൂപ്രണ്ടുമാർ
4) എ4 സീറ്റ്
5) ബി2 സീറ്റ്
6) IT ഓഫീസർ.
7) വെബ്സൈറ്റ് 8) കരുതൽ ഫയൽ. 9) അധികം-1

D120319